**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1091** **09-10-2024 - ൽ മറുപടിയ്ക്ക്**

**ജപ്പാൻ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മെയിൻ പൈപ്പ് ലൈനിന് യാതൊരു കേടുപാടുകളും സംഭവിക്കാതെ വേട്ടുണ്ടമല വരപ്പുറത്ത് കണ്ടി റോഡ് ടാറിംഗ് ചെയ്യുന്നതിന് വാട്ടർ അതോറിറ്റി ഇതുവരെ അനുമതി ലഭ്യമാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കോഴിക്കോട് ജില്ലയിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിലൂടെ കടന്നുപോകുന്ന KWA പൈപ്പ് ലൈൻ റോഡിൽ പൊതുജനങ്ങൾക്ക് യാത്രാ സൗകര്യത്തിനായി ടാർ ചെയ്യുന്നതിന് അനുവാദം നൽകണമെന്ന അപേക്ഷ 12-8-2024 ൽ കൂടിയ 437-ാമത് കേരള വാട്ടർ അതോറിറ്റിയുടെ ബോർഡ് യോഗം ചർച്ച ചെയ്തു. പ്രസ്തുത പൈപ്പ് ലൈൻ റോഡിൽ കൂടി കടന്ന് പോകുന്നത് 1850 mm വ്യാസമുള്ള പമ്പിങ് മെയിൻ ആണെന്നും, ഇത് കോഴിക്കോട് നഗരത്തിലേക്ക് ശുദ്ധജലം എത്തിക്കുന്ന പ്രധാന പൈപ്പ് ലൈൻ ആണെന്നും യോഗം വിലയിരുത്തി. ആയതിനാൽ ശരിയായ ഒരു സാങ്കേതിക പഠനം നടത്തിയ ശേഷം മാത്രമേ പ്രസ്തുത റോഡ് ടാർ ചെയ്യുന്നതിന് അനുമതി നൽകാൻ സാധിക്കുകയുള്ളൂ എന്നും ബോർഡ് നിർദ്ദേശിക്കുകയും ടെക്നിക്കൽ മെമ്പറെ ഇതിനായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട് . |
| (ബി) | പ്രസ്തുത റോഡ് വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ളതായതിനാൽ എം.എൽ.എ. ഫണ്ട് അനുവദിച്ചിട്ടും റോഡ് നവീകരിക്കാൻ കഴിയാത്തത് കാരണം പ്രദേശവാസികൾക്ക് ഉണ്ടാകുന്ന യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കോഴിക്കോട് ജില്ലയിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിലൂടെ കടന്നുപോകുന്ന KWA പൈപ്പ് ലൈൻ റോഡിൽ പൊതുജനങ്ങൾക്ക് യാത്രാ സൗകര്യത്തിനായി ടാർ ചെയ്യുന്നതിന് അനുവാദം നൽകണമെന്ന അപേക്ഷ 12-8-2024 ൽ കൂടിയ 437-ാമത് കേരള വാട്ടർ അതോറിറ്റിയുടെ ബോർഡ് യോഗം ചർച്ച ചെയ്തു. പ്രസ്തുത പൈപ്പ് ലൈൻ റോഡിൽ കൂടി കടന്ന് പോകുന്നത് 1850 mm വ്യാസമുള്ള പമ്പിങ് മെയിൻ ആണെന്നും, ഇത് കോഴിക്കോട് നഗരത്തിലേക്ക് ശുദ്ധജലം എത്തിക്കുന്ന പ്രധാന പൈപ്പ് ലൈൻ ആണെന്നും യോഗം വിലയിരുത്തി. ആയതിനാൽ |

| | | | |
|---|---|---|---|
| | | | ശരിയായ ഒരു സാങ്കേതിക പഠനം നടത്തിയ ശേഷം മാത്രമേ പ്രസ്തുത റോഡ് ടാർ ചെയ്യുന്നതിന് അനുമതി നൽകാൻ സാധിക്കുകയുള്ളൂ എന്നും ബോർഡ് നിർദ്ദേശിക്കുകയും ടെക്നിക്കൽ മെമ്പറെ ഇതിനായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട് . |
| (സി) | കോട്ടൂർ ഗ്രാമപഞ്ചായത്തിലെ വേട്ടുണ്ടമല വരപ്പുറത്ത് കണ്ടി റോഡ് നവീകരിക്കുന്നതിന് അനുമതിയ്ക്കായി സമർപ്പിച്ച അപേക്ഷയിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കോഴിക്കോട് ജില്ലയിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിലൂടെ കടന്നുപോകുന്ന KWA പൈപ്പ് ലൈൻ റോഡിൽ പൊതുജനങ്ങൾക്ക് യാത്രാ സൗകര്യത്തിനായി ടാർ ചെയ്യുന്നതിന് അനുവാദം നൽകണമെന്ന അപേക്ഷ 12-8-2024 ൽ കൂടിയ 437-ാമത് കേരള വാട്ടർ അതോറിറ്റിയുടെ ബോർഡ് യോഗം ചർച്ച ചെയ്തു. പ്രസ്തുത പൈപ്പ് ലൈൻ റോഡിൽ കൂടി കടന്ന് പോകുന്നത് 1850 mm വ്യാസമുള്ള പമ്പിങ് മെയിൻ ആണെന്നും, ഇത് കോഴിക്കോട് നഗരത്തിലേക്ക് ശുദ്ധജലം എത്തിക്കുന്ന പ്രധാന പൈപ്പ് ലൈൻ ആണെന്നും യോഗം വിലയിരുത്തി. ആയതിനാൽ ശരിയായ ഒരു സാങ്കേതിക പഠനം നടത്തിയ ശേഷം മാത്രമേ പ്രസ്തുത റോഡ് ടാർ ചെയ്യുന്നതിന് അനുമതി നൽകാൻ സാധിക്കുകയുള്ളൂ എന്നും ബോർഡ് നിർദ്ദേശിക്കുകയും ടെക്നിക്കൽ മെമ്പറെ ഇതിനായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ